# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

### കാർഷിക നിർദ്ദേശക ബുള്ളറ്റിൻ

### തൃശ്ശൂർ

**Email:** kauagmet@yahoo.co.in, cohagmet@kau.in

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 08/18(14), ചൊവ്വാഴ്ച** **തീയ്യതി 20.02.2018**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 34.0 മുതൽ 36.2 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 22.7 മുതൽ 23.9 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 61 മുതൽ 73 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 16 മുതൽ 43 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 4.2 മുതൽ 7.6 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 8.0 മുതൽ 10.2 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 4.5 മുതൽ 6.9 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 21.02.2018 | 22.02.2018 | 23.02.2018 | 24.02.2018 | 25.02.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C ) | 36 | 36 | 36 | 36 | 36 |
| കുറഞ്ഞ താപനില (°C ) | 23 | 23 | 23 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട) | 4 | 4 | 4 | 4 | 4 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 45 | 45 | 45 | 45 | 45 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 012 | 012 | 012 | 012 | 012 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 250 | 250 | 250 | 250 | 250 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/ രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | | പുഞ്ചകൃഷി ഞാറു പരുവത്തിലാണ്. |
| തെങ്ങ് | ഓലപ്പുഴു | അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ തെങ്ങുകളിൽ ഓലപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. കേടുവന്ന ഓലകൾ വെട്ടി തീയിട്ടു നശിപ്പിക്കുക. പുഴുവിനെയും മുട്ടകളെയും പരാദീകരിക്കുന്ന എതിർ പ്രാണികളെ തോട്ടത്തിൽ വിടുക. കിനാൽഫോസ് 0.05% ഓലയുടെ അടിവശത്ത് വീഴുന്ന വിധത്തിൽ തളിച്ചു കൊടുക്കുക. |
| കുരുമുളക് | - | കുരുമുളക് തണ്ടുകൾ മുറിച്ചു വേരു പിടിപ്പിക്കുന്നതിനായി തവാരണകളിൽ പാകേണ്ട സമയമാണിത്. കൊടിത്തലകൾ മുറിച്ച് 2-3 മുട്ടുള്ള കഷണങ്ങളാക്കി പോളിത്തീൻ ഉറകളിൽ നട്ട് മുളപ്പിക്കാം. പോട്ടിങ്ങ് മിശ്രിതത്തിൽ വാം കൾച്ചർ ചേർക്കുന്നത് ചെടികൾക്ക് കരുത്തും രോഗ പ്രതിരോധ ശക്തിയും കൂട്ടും. |
| ജാതി | പരിചരണ മാർഗ്ഗങ്ങൾ | വരൾച്ചയിൽ നിന്നും സൂര്യതാപത്തിൽ നിന്നും ചെടികളെ സംരക്ഷിക്കാൻ പുതയിടേണ്ടതാണ്. |
| പച്ചക്കറികൾ | ജാസിഡ്, വെള്ളീച്ച | അന്തരീക്ഷ ഊഷ്മാവ് കൂടുതലായിരുന്നതിനാൽ വെള്ളീച്ച, ജാസിഡ് മുതലായ കീടങ്ങളുടെ ആക്രമണം കൂടാൻ സാധ്യതയുണ്ട്. ഇവ മൂലമുള്ള കുരുടിപ്പ് രോഗം നിയന്ത്രിക്കാനായി മഞ്ഞ ബോർഡിൽ ആവണക്കെണ്ണ തേച്ച് പച്ചക്കറികൾക്കിടയിൽ തൂക്കിയിടുക. |
| മൃഗസംരക്ഷണം | ഈച്ച, കൊതുക്, ചെള്ള് മുതലായ ബാഹ്യപരാദങ്ങളെ അകറ്റുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക. (CAADECCS, KVASU, Mannuthy) | |